# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 566 - 07.01.2014-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത

| ചോദ്യം<br>ഡോ. ടി. എം. തോമസ് ഐസക് | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത എന്തു തുകയായിരുന്നു; | സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 78673.24 കോടി രൂപയായിരുന്നു. |
| (ബി) ഏറ്റവും ഒടുവിലത്തെ കണക്കനുരിച്ച് സംസ്ഥാനത്തിന്റെ കട ബാധ്യത എന്ത് തുകയാണ്; സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന്റെ കടബാധ്യതയിൽ എന്ത് തുകയുടെ വർദ്ധനവുണ്ടായി; ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ ഉണ്ടായിരുന്ന കടത്തിന്റെ എത്ര ശതമാനമാണ് വർദ്ധന; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് 2013 നവംബർ 30 വരെ സംസ്ഥാനത്തിന്റെ കടബാധ്യത 102684.93 കോടി രൂപയാണ്. ഈ സർക്കാരിന്റെ കാലത്ത് കടബാധ്യതയിൽ 24011.69 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ ഉണ്ടായിരുന്ന കടബാധ്യതയുമായി താരതമ്യപ്പെടുത്തുമ്പോൾ 30.52 ശതമാനമാണ് വർദ്ധന. |
| (സി) ഈ സർക്കാരിന്റെ കാലത്ത് എടുത്ത കടങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഈ സർക്കാരിന്റെ കാലത്ത് ആഭ്യന്തരകടമായി 16621.39 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നുള്ള കടമായി 333.7 കോടി രൂപയും ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയിൽ നിന്നുള്ള കടമായി 7056.6 കോടി രൂപയും എടുത്തിട്ടുണ്ട്. |
| (ഡി) സാമ്പത്തിക ആസ്തിയുടെ എത്ര ശതമാനമാണ് ഇപ്പോഴത്തെ സാമ്പത്തിക ബാധ്യത എന്ന് വ്യക്തമാക്കുമോ; ഇത് സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ശതമാനമായിരുന്നു? | 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് വിശദീകരണ പത്രിക പ്രകാരം 2013 മാർച്ച് 31 വരെയുള്ള കടബാധ്യത സാമ്പത്തിക ആസ്തിയുടെ 205.37 ശതമാനമാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇത് 204.61 ശതമാനമായിരുന്നു. |

**സെക്ഷൻ ഓഫീസർ**